II ഇ.ബി. XIII- കേരള നിയമസഭ/VIII-5

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 മാർച്ച് 22, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

15 (*121) കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിനുപുറമെ അവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക സഹായവും ശുചിത്വ മിഷൻ വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ ഈ മേഖലയിൽ 84 സർക്കാർ അംഗീകൃത സേവനദാതാക്കളെക്കൂടി നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ട തുക പൂർണ്ണമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ കഴിഞ്ഞു. കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നടത്തിയ ഇടപെടലുകൾ സംബന്ധിച്ച് വിവിധ തലങ്ങളിൽ അവലോകനം നടത്തി വരുന്നുണ്ട്. കേരളത്തിന്റെ കാലാവസ്ഥയും മാലിന്യത്തിന്റെ സ്വഭാവവും

അനുസരിച്ച് കമ്പോസ്റ്റിംഗ് രീതിയും ബയോഗ്യാസ് പ്ലാന്റുകളുമാണ് മാലിന്യ സംസ്കരണത്തിന് അനുയോജ്യമെങ്കിലും അവയിൽ നിന്നുണ്ടാകുന്ന മലിന ജലവും ദുർഗന്ധവും ജനങ്ങളുടെ എതിർപ്പിന് ഇടയാക്കിയിട്ടുള്ളതിനാൽ നഗരസഭകളിലെ നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കുന്നതിനും അവയെ കുറ്റമറ്റതാക്കുന്നതിനും റീജിയൺ അടിസ്ഥാനത്തിൽ ആധുനിക പ്ലാന്റുകൾ നടപ്പാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും അനുവദിക്കുന്ന ലഘുവായ സാങ്കേതിക വിദ്യകൾക്കുള്ള സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നവീകരണത്തിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നഗരപ്രദേശത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 100% വരെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ മാലിന്യ സംസ്കരണത്തിനായി 2219.67 ലക്ഷം രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ നാളിതുവരെയായി 630 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2011-12-ൽ ഏകദേശം 40 കോടി രൂപ ഉറവിട മാലിന്യ സംസ്കരണത്തിനും ബയോഗ്യാസ് പ്ലാന്റുകൾക്കും കമ്പോസ്റ്റിംഗിനുമായി കോർപ്പറേഷനുകൾക്ക് നൽകിയിട്ടുണ്ട്. ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പാണ് മാലിന്യ സംസ്ക്കരണം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. തിരുവനന്തപുരം നഗരസഭയിലെ വിളപ്പിൽശാലയിൽ സ്ഥാപിച്ചിരുന്ന പ്ലാന്റിന്റെ പ്രവർത്തനം നിറുത്തിയത് ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പ് നിമിത്തമാണ്. ചാലയിൽ 30 ടൺ മാലിന്യം

സംസ്കരിക്കത്തക്ക വിധത്തിൽ ഗ്യാസിഫിക്കേഷൻ ടെക്നോളജി ഉപയോഗിച്ച് ഒരു പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ലോകത്തിലാദ്യമായി വേസ്റ്റ് ഉപയോഗിച്ചുകൊണ്ട് പ്ലാറ്റ്ഫോമുകൾ നിർമ്മിച്ചത് തിരുവനന്തപുരം ജില്ലയിലെ വേളിയിലും മുരുക്കുംപുഴയിലുമാണ്. ആലപ്പുഴ ജില്ലയിൽ അത്തരത്തിലുള്ള ഒരു പ്ലാറ്റ്ഫോം നിർമ്മിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.. കൊല്ലം കോർപ്പറേഷനിൽ മാലിന്യ സംസ്ക്കരണത്തിനായി ഒരു പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യ സംസ്കരണ പ്ലാന്റ് മൂന്ന് മാസത്തിനകം പൂർത്തിയാക്കാൻ കഴിയും. ഫ്ളാറ്റുകളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്ന പദ്ധതിക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ വേസ്റ്റ് പ്രൊസസിംഗ് പ്ലാന്റിന് കൂടുതൽ സാമ്പത്തിക സഹായം നൽകുമെന്നും സംസ്ഥാനത്ത് മോഡേൺ വേസ്റ്റ് പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*122) <u>ന്യൂനപക്ഷങ്ങൾക്കായുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ മുസ്ലീം യുവജനതയെ പി.എസ്.സി., യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ഐ.ബി.പി.എസ്., റെയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയവ നടത്തുന്ന മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കരസേന, നാവികസേന, വ്യോമസേന, മറ്റ് അർദ്ധസൈനിക, പോലീസ് വിഭാഗങ്ങൾ എന്നി

വയിലെ വിവിധ തസ്തികകളിൽ ജോലി നേടാൻ ആഗ്രഹിക്കുന്ന യോഗ്യരായ ന്യൂനപക്ഷ ഉദ്യോഗാർത്ഥികളെ ഇതിനായി പ്രാപ്തരാക്കുന്നതിനു വേണ്ടി 50 പേർക്ക് സൗജന്യ താമസ സൗകര്യത്തോടുകൂടിയ പരിശീലന പരിപാടി നടപ്പാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് പരിശീലനം നേടുന്നവരുടെ മുഴുവൻ ഫീസും സർക്കാർ വഹിക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായുള്ള പരിശീലന കേന്ദ്രങ്ങൾ കാസർഗോഡ്, വയനാട്, പയ്യന്നൂർ, കോഴിക്കോട്, പൊന്നാനി, വേങ്ങര, പെരിന്തൽമണ്ണ, ആലുവ, കാഞ്ഞിരപ്പള്ളി, കരുനാഗപ്പള്ളി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നതിനു പുറമേ പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്. ന്യൂനപക്ഷ സംഘടനകളോ സ്ഥാപനങ്ങളോ അടിസ്ഥാന സൗകര്യമൊരുക്കിയാൽ നിലവിലുള്ള നിരക്കിൽ പരിശീലകർക്ക് പ്രതിഫലം നൽകി ഉപപരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ അനുമതി നൽകുന്നതോടൊപ്പം. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അവസരനഷ്ടം ഉണ്ടാകാത്ത വിധത്തിൽ 10% മുതൽ 20% വരെ സീറ്റുകളിൽ മറ്റ് പിന്നോക്ക സമുദായങ്ങൾക്കുംകൂടി പ്രവേശനം അനുവദിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി ആരംഭിച്ചിട്ടുള്ള പ്രത്യേക കോച്ചിംഗ് സെന്ററുകളുടെ പെർഫോമൻസ് നിരന്തരമായി അവലോകനം ചെയ്തുവരുന്നുണ്ട്. സാമ്പത്തിക ബാധ്യതയുള്ള കോഴ്സുകളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. വനിതാശാക്തീകരണത്തിന്റെ ഭാഗമായി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഫീസ് ആനുകൂല്യങ്ങൾ നൽകുന്നതിനുപുറമേ

സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളിൽ 70%-ത്തോളം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകളുണ്ടെങ്കിൽ അവർക്ക് 2 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകുന്നുണ്ടെന്നും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്കുവേണ്ടി മാത്രം നടത്തുന്ന അനാഥാലയങ്ങളിൽ തൊഴിൽ പരിശീലനത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും പുതുതായി ഒരു ന്യൂനപക്ഷ കോച്ചിംഗ് സെന്റർ സ്ഥാപിക്കുകയാണെങ്കിൽ അതിന് മലപ്പുറം ജില്ലയെ പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*123) <u>കൃഷിനാശം നേരിടുന്ന കർഷകർ</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, കേരളം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ വരൾച്ച കാരണം ഉണ്ടായിട്ടുള്ള കൃഷിനാശത്തെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടെന്നും 2012-2013 വർഷത്തിലുണ്ടായ വരൾച്ച കാരണം സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ 5810.68 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വരൾച്ചമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 11-6-2012-ലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകുന്നതാണ്. കൃഷി ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ആനുകൂല്യങ്ങൾ നൽകുന്നതാണ്. കൂടാതെ വരൾച്ച മൂലം പൂർണ്ണമായും നെൽകൃഷി നശിച്ചുപോയ കർഷകർക്ക് 15240 കിലോ നെൽവിത്ത് സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖേന ഇതിനകം സൗജന്യമായി നൽകിയിട്ടുണ്ട്. സീഡ് അതോറിറ്റി പരിശോധിച്ച് നൽകുന്ന

നെൽവിത്തുകളാണ് കൃഷി ചെയ്യുന്നതിന് ഉപയോഗിക്കേണ്ടത്. വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ച തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലൾക്ക് 1995 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചാബാധിതമായി പ്രഖ്യപിച്ചതിനെതുടർന്ന് 7888.097 കോടി രൂപയുടെ അധിക സാമ്പത്തിക സഹായം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ സ്പെഷ്യൽ പക്കേജായി അഭ്യർത്ഥിച്ച 3936.81 കോടി രൂപയുടെ ധനസഹായം കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. മാർച്ച് 18 മുതൽ 20 വരെ കേന്ദ്ര സംഘം ജില്ലകളിൽ പരിശോധന നടത്തുകയും 21-ാം തീയതി മുഖ്യമന്ത്രിയും റവന്യു വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വരൾച്ചയുടെ രൂക്ഷത മനസ്സിലാക്കി മാനദണ്ഡ പ്രകാരമല്ലാതെ കൂടുതൽ ധനസഹായം ലഭ്യമാക്കാനുതകുന്ന വിധത്തിലുള്ള റിപ്പോർട്ട് സമർപ്പിക്കുമെന്ന് കേന്ദ്രസംഘം അറിയിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക ഈ വർഷം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും തോടുകളും പുഴകളും സംരക്ഷിക്കുന്നതിന് ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ജനപ്രതിനിധികൾ മുൻകയ്യെടുക്കണമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി പറഞ്ഞു.

18 (*124) <u>പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയും കുടുംബശ്രീയും</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസനപദ്ധതിയും വിവിധ വകുപ്പുകളുടെ അനുയോജ്യമായ

പദ്ധതികളും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികളാണ് കുടുംബശ്രീ വഴി നടപ്പിലാക്കിവരുന്നതെന്ന് സഭയെ അറിയിച്ചു. സംരംഭം, സംഘകൃഷി, വൈദഗ്ദ്ധ്യവികസനത്തിലധിഷ്ഠിതമായ തൊഴിൽ എന്നീ മൂന്ന് മേഖലകളിൽ ഇടപെടൽ നടത്തുന്നതിലൂടെ പ്രാദേശിക-സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഉല്പാദനവും തൊഴിലും വർദ്ധിപ്പിച്ച് ദാരിദ്ര്യാവസ്ഥയെ അതിജീവിക്കുവാൻ ഒരു പരിധിവരെ സാധിക്കുന്നതാണ്. ബാങ്കു വായ്പ എടുത്തിരിക്കുന്ന കുടുംബശ്രീ യൂണിറ്റിലെ ഒരു അംഗം മരണപ്പെട്ടു പോകുകയോ മറ്റെന്തെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുകയോ ചെയ്താൽ അതിനെ അതിജീവിക്കുന്നതിനായി ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നകാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 125 മുതൽ 150 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1346 മുതൽ 1634 വരെയുള്ള ചോദ്യങ്ങളിൽ 53 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)